എലിപ്പനിക്കെതിരെ പ്രതിരോധ നടപടികൾ

133 (1602) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എലിപ്പനിക്കെതിരെ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം പ്രതിരോധ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എലിപ്പനി ബാധിച്ച് എത്രപേർ ഇതിനകം മരണപ്പെട്ടു ;

(ഡി) ഇവർക്ക് രോഗനിർണ്ണയം വരുത്താനും ചികിത്സ നൽകാനും കാലതാമസമുണ്ടായതിന്റെ കാരണം നിമിത്തമാണോ മരണം സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി രൂപീകരിച്ച കോർ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ എലിനശീകരണം നടത്തിവരുന്നു. മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ ഊർജ്ജിത നടപടി എടുത്തുവരുന്നു. പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം രോഗനിർണ്ണയത്തിനുള്ള സംവിധാനം ഉണ്ട്. വ്യാപകമായ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. രോഗം ബാധിച്ചവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) 2003-ൽ ഇതുവരെയായി 26 പേർ മരിച്ചു.

(ഡി) പനി വന്ന പലരുടെയും സ്വയം ചികിത്സയും രോഗം മൂർച്ഛിച്ചതിനു ശേഷമുള്ള ചികിത്സ തേടലുമാണ് മരണസംഖ്യ ഉയരാൻ കാരണമെന്ന് കാണുന്നു. രോഗം പിടിപെട്ടാൽ വളരെ പെട്ടെന്ന് കിഡ്നി, കരൾ, ഹൃദയം മുതലായ അവയവങ്ങളുടെ പ്രവർത്തനം തകരാറിലാകുന്നതും ചിലപ്പോഴെങ്കിലും രോഗനിർണ്ണയം നടത്തുന്നതിനുള്ള കാലതാമസവും മരണത്തിന് കാരണമാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly